ഉത്തരം

(എ) ഉണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ വിലയിരുത്തൽ, ലാന്റ് റവന്യൂ കമ്മീഷണർ, റവന്യൂ മന്ത്രി, റവന്യൂ സെക്രട്ടറി, എന്നിവർ നടത്തിയിട്ടുണ്ട്. പദ്ധതിയിൽ വിവിധ ഘട്ടങ്ങളിലായി പട്ടയവിതരണം നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും നടന്നുകഴിഞ്ഞു. ഇതിൽ കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ അർഹരായി കണ്ടെത്തിയ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചു. രണ്ടാംഘട്ടത്തിൽ പരമാവധി ഗുണഭോക്താക്കൾക്ക് ഭൂമി നൽകണമെന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ ജില്ലാകളക്ടർമാർ ഊർജ്ജിതമായി നടത്തിവരികയാണ്.

(ബി) വിവിധ തലങ്ങളിലുള്ള അന്വേഷണത്തിന്റെ ഫലമായി 2,43,928 ഭൂരഹിത കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പദ്ധതി പ്രകാരം രണ്ടാംഘട്ടത്തിൽ വിവിധ റവന്യൂ ഓഫീസുകൾ മുഖേന സമർപ്പിച്ചിരുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി മാനദണ്ഡങ്ങൾക്കനുസൃതമായാണ് പദ്ധതിയുടെ ഗുണഭോക്താക്കളായ ഭൂരഹിത കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. പിന്നീട് ലഭിച്ച അപേക്ഷകളിൽ അന്വേഷണം നടത്തിവരുന്നു.

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015-ൽ വീട് വയ്ക്കുന്നതിന് അനുയോജ്യമായ റവന്യൂ ഭൂമി കൂടാതെ അന്യം നിൽപ്പ് ഭൂമി (Escheat Land), മിച്ച ഭൂമി (Surplus Land), ബോട്ട്-ഇൻ-ലാന്റ് (Bought-in-Land) തുടങ്ങി എല്ലാവിധ സർക്കാർ ഭൂമികളും ഈ പദ്ധതിക്കായി പ്രയോജനപ്പെടുത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ഈഗിൾ പ്ലാന്റേഷൻ കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി

229 (1286) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ ഈഗിൾ പ്ലാന്റേഷൻ കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

പതിച്ചുനൽകിയ ഭൂമി കാലപരിധിക്കുമുമ്പ് കൈമാറിയവരുടെ പട്ടയങ്ങൾ റദ്ദ് ചെയ്തിരുന്നു. ഇങ്ങനെ റദ്ദ് ചെയ്യപ്പെട്ട പട്ടയ ഭൂമിയിൽ ഇപ്പോഴും താമസിക്കുന്നവരെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ അർഹരെന്ന് ബോദ്ധ്യപ്പെട്ട മുഴുവൻ കൈവശക്കാർക്കും മുൻഗണന നൽകി ആറ് സെന്റ് വരെയുള്ള ഭൂമിക്ക് പട്ടയം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി പട്ടയം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly